✓

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2184 07.12.2015 ൽ മറുപടിക്ക്

## ആറ്റിങ്ങൽ മേഖലയിലെ വാഹനാപകടം കുറയ്ക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മാമം പാലമുൾപ്പെടുന്ന പ്രദേശം അപകടരഹിതമാക്കുന്നതിന് മോട്ടോർ വാഹനവകുപ്പും റോഡ് സേഫ്റ്റി അതോറിറ്റിയും എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | മാമം പാലം ഉൾപ്പെടുന്ന റോഡിൽ മദ്ധ്യഭാഗത്തായി ഡെലിനേറ്ററുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഹൈവേ അതോറിറ്റിക്ക് നൽകുകയും അവർ അത് പാലിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രാത്രി കാലങ്ങളിലും പകലിലും കർശനമായ ചെക്കിംഗും പെട്രോളിംഗും നടത്തുന്നുണ്ട്. |
| (ബി) | മാമം പാലത്തിൽ 20.11.2015 ന് മൂന്ന് പേരുടെ മരണത്തിനിടയാക്കിയ അപകടത്തിന് ശേഷം ആറ്റിങ്ങൽ മേഖലയിൽ വാഹനാപകടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ഈ മേഖലയിൽ പെട്രോളിംഗും ചെക്കിംഗും കൂടുതൽ കർശനമാക്കി. കൂടാതെ പ്രൈവറ്റ് ബസ്സുകളുടെ ഉള്ളിലും പുറകിലും അമിത വേഗത ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെടുന്നതിനും മേൽ നടപടി സ്വീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഫോൺ നമ്പർ പതിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രൈവറ്റ് ബസ്സ് ഡ്രൈവർമാർക്ക് 09.12.2015 മുതൽ റോഡ് സേഫ്റ്റി ബോധവൽക്കരണങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു. എല്ലാ പ്രൈവറ്റ് ബസ്സുകളും കർശനമായ ചെക്കിംഗിന് വിധേയമാക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ